പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4019 — 11.11.2019 -ൽ മറുപടിക്ക്

## കച്ചവടസ്ഥാപനങ്ങളിലെ വിലവിവരപ്പട്ടിക

| ചോദ്യം<br>**ശ്രീ. പി.കെ.ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ വിവിധ കച്ചവട സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് പച്ചക്കറി, പഴം, പലചരക്ക് കടകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;<br>(സി) സംസ്ഥാനത്തെ വിവിധ കച്ചവട സ്ഥാപനങ്ങൾ അവശ്യ സാധനങ്ങൾക്ക് ഉയർന്ന വില ഈടാക്കുന്ന നിലവിലെ രീതി ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ബി) & (സി) 1977 ലെ ഫുഡ് സ്റ്റഫ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1980 ലെ കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ് പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്സ്) ഓർഡർ എന്നിവ പ്രകാരം സിവിൽ സപ്ലൈസ് വകുപ്പിന്റെ സ്ക്വാഡുകൾ പരിശോധന നടത്തി വരികയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ അവശ്യ സാധന നിയമ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് വകുപ്പുകളുമായി കൂടി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി വരുന്നു. നിലവിലെ നിയമ പ്രകാരം വിലവിവരപ്പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളത്. ഉയർന്ന വില ഈടാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനുള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിനില്ല. ഉയർന്ന വില ഈടാക്കുന്നത് ഉൾപ്പെടെയുള്ള പരാതികൾക്ക് ഉപഭോക്താവിന് ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളേയോ കമ്മീഷനേയോ സമീപിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**